


## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# സ്വർഗീയസുന്ദരഗാനങ്ങളുമായി രണ്ടു കുഞ്ഞുനക്ഷത്രങ്ങൾ



"കൂടെ വസിക്കണേ പോകരുതേ
കൂട്ടുവേണം നിന്റ സ്നേഹബലം"

ദിവ്യകാരുണ്യം സ്വീകരിക്കാനായി നിരയായി നീങ്ങുന്നവരുടെ പാദങ്ങൾ ഒരു നിമിഷം നിശ്ചലമായി. ആ നാദധാരയുടെ നേരേ അവർ കണ്ണുതിരിച്ചു. അത്രയും ഹൃദയസ്പർശിയായാണ് ഒരു ആൺകുട്ടിയും അവന്റെ പെങ്ങളും ആ ഗാനം പാടിത്തീർത്തത്.

കേദാർനാഥിന്റെയും കാത്തുക്കുട്ടിയുടെയും ശ്രുതിമധുരമായ സ്വരം ലോകമെമ്പാടുമുള്ള മലയാളികൾ ഏറ്റെടുത്തുകഴിഞ്ഞു. കേട്ടിട്ടും കേട്ടിട്ടും മതിവരാതെ വീണ്ടും കാതോർത്തിരിക്കുകയാണ് ഈ കുഞ്ഞുങ്ങളുടെ മധുരനാദത്തിനായി. തലശ്ശേരി രൂപതയിലെ ചെമ്പൻതൊട്ടി സെന്റ് ജോർജ് പള്ളിയിൽ നടന്ന ഒരു വിവാഹത്തോടനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയിലെ ദിവ്യകാരുണ്യ സ്വീകരണവേളയിലാണ് ഹൃദയങ്ങളെ കീഴടക്കിയ 'ദിവ്യകാരുണ്യമേ, ദൈവസ്നേഹമേ, ഉണ്ണാൻ മറന്നാലും ഊട്ടാൻ മറക്കാത്ത കനിവിന്റെ കൂദാശയേ' എന്ന ഗാനം ഉയർന്നത്.

ഒരു വർഷം മുമ്പ് ഫാ. ജോയി ചെഞ്ചേരിയിൽ രചന നിർവഹിച്ച് ജേക്കബ് കൊരട്ടി സംഗീതം നൽകി കേദാർനാഥും കാത്തുക്കുട്ടിയും പാടിയ ഗാനമാണ് വീണ്ടും വൈറലായത്. പതിനൊന്നു വയസ്സുള്ള കേദാർനാഥും അഞ്ചുവയസ്സുകാരിയായ കാത്തുക്കുട്ടിയും മനസ്സലിയിച്ചുപാടിയ ഈ ഗാനം മലയാളികൾ നെഞ്ചോടുചേർത്തു.

എത്ര വളർന്നാലും ദൈവമേ, വാതിൽ തുറക്കൂ നീ കാലമേ, ഉണ്ണീ എന്റെ ഉണ്ണീശോയല്ലേ, ബലിവേദിയിൽ നാഥാ, നന്ദിയോടെ ഞാൻ സ്തുതിപാടിടും തുടങ്ങിയ നിരവധി ഗാനങ്ങൾ ഇരുവരും മനോഹരമായി അവതരിപ്പിക്കുന്നുണ്ട്. 'കുർബാനയെന്നാലെന്താണമ്മേ' എന്നു തുടങ്ങുന്ന അമ്മയും മകളും തമ്മിലുള്ള സംഭാഷണരൂപത്തിലുള്ള ഗാനത്തിലും കാത്തുക്കുട്ടി ശ്രദ്ധിക്കപ്പെട്ടു.

ചെമ്പൻതൊട്ടി പള്ളിയിലെ തിരുനാളിനോടനുബന്ധിച്ച് കേദാർനാഥും കാത്തുക്കുട്ടിയും സ്ഥിരമായി പാടുന്ന റിഥം ഓർക്കസ്ട്രയുടെ ഗാനമേളയുണ്ടായിരുന്നു. ഇതിലവർക്കു പാടാൻ അവസരം നൽകുമെന്നും പറഞ്ഞിരുന്നു. എന്നാൽ, നിർഭാഗ്യവശാൽ അവർക്കു പാടാൻ സാധിച്ചില്ല. കൂട്ടുകാർ കളിയാക്കിയതോടെ ഇവർക്കു വിഷമമായി. അങ്ങനെയാണ് തിരുനാളിനോടടുത്ത ദിവസം മാവിലേരിയിലെ അധ്യാപകരായ സി. വി. അപ്രേമിന്റെയും കുട്ടിയമ്മയുടെയും മകന്റെ കല്യാണം വരുന്നത്. കുട്ടികളുടെ സങ്കടം കണ്ട് അപ്രേമാണ് വിവാഹത്തിനു പാട്ടു പാടാൻ പള്ളിയിലെ വികാരിയച്ചനോടു ചോദിക്കുന്നതും വികാരിയച്ചൻ സന്തോഷത്തോടെ അനുവദിക്കുന്നതും.

ചെമ്പൻതൊട്ടിയിലെ ചെറുപുഷ്പം യു.പി.സ്കൂൾ വിദ്യാർഥിയാണ് കേദാർനാഥ്. ചെമ്പൻതൊട്ടി സെന്റ് സാവ്യോ കോൺവെന്റ് സ്കൂളിലെ എൽ.കെ.ജി. വിദ്യാർഥിനിയാണ് കാർത്തിക എന്ന കാത്തുക്കുട്ടി. ഗായകനായ അശോകന്റെയും രശ്മിയുടെയും മക്കളാണ് ഈ കൊച്ചുഗായകർ. ■

## DEEPANALAM WINNERS SPACE gk

സമ്മാനം
ആയിരം രൂപ

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

1. രാജ്യസഭാംഗമായിരിക്കെ ഇന്ത്യൻ പ്രധാനമന്ത്രിയായ ആദ്യവ്യക്തി? കാലഘട്ടം?
   ഉത്തരം : ..............................................., .....................
2. കേന്ദ്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ ബജറ്റ് പ്രസംഗം ആരുടേതായിരുന്നു? സമയം?
   ഉത്തരം : ......................................................., .............
3. കേന്ദ്രവിദ്യാഭ്യാസമന്ത്രാലയത്തിന്റെ റിപ്പോർട്ടു പ്രകാരം, സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്മുറികൾ സജ്ജമാക്കിയതിൽ ഒന്നാംസ്ഥാനം ഏതു സംസ്ഥാനത്തിന്? കേരളത്തിന് എത്രാമത്തെ സ്ഥാനം?
   ഉത്തരം : ......................................................., ..................
4. ചന്ദ്രനിലിറങ്ങുന്ന ആദ്യസ്വകാര്യപേടകമെന്ന ചരിത്രനേട്ടം കൈവരിച്ച രാജ്യം? പേടകത്തിന്റെ പേര്?
   ഉത്തരം : ................................, ................................
5. ബ്രിട്ടീഷ് കോളനിക്കാലത്തെ നിയമങ്ങൾക്കു പകരം പുതിയ ക്രിമിനൽ ലോ രാജ്യത്തു നടപ്പിലാകുന്നത് എന്നു മുതലാണ്? അതനുസരിച്ച്, ഇന്ത്യൻ പീനൽ കോഡിനു പകരമായ നിയമം ഏത്?
   ഉത്തരം : ..........................., ....................................
6. സംസ്ഥാനത്ത് സർക്കാർ മേഖലയിലെ ആദ്യ റോബട്ടിക് ശസ്ത്രക്രിയ ഈയിടെ നടന്നത് എവിടെ?
   ഉത്തരം : ...................................................................
7. മരണാനന്തര അവയവദാനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനസർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന ഏജൻസി?
   ഉത്തരം : ...................................................................
8. അവയവദാനത്തിൽ രാജ്യത്തു മുന്നിട്ടു നില്ക്കുന്ന സംസ്ഥാനം?
   ഉത്തരം : ...................................................................
9. വിനോദസഞ്ചാരം ബഹിരാകാശത്തേക്ക് എന്ന പദ്ധതി ഇന്ത്യയിൽ പ്രാവർത്തികമാക്കുന്നത് ഏതു കമ്പനിയാണ്? പരിശീലനകേന്ദ്രത്തിനായി കമ്പനിക്കു സ്ഥലം അനുവദിക്കുന്നത് ഏതു സംസ്ഥാന സർക്കാരാണ്?
   ഉത്തരം : ......................................, ............................
10. രാജ്യത്തെ ആദ്യ ഹൈഡ്രജൻ ബോട്ട് അവതരിപ്പിക്കാനൊരുങ്ങുന്ന കേന്ദ്ര പൊതുമേഖലാ കപ്പൽ നിർമാണശാല?
    ഉത്തരം : ...................................................................

**നിബന്ധനകൾ**

ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ് കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മേൽവിലാസവും ഫോൺനമ്പരും സഹിതം 7306874714 എന്ന വാട്സാപ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. അവസാനതീയതി 2024 മാർച്ച് 23.

പേര് : ...................................................
മേൽവിലാസം : ...................................................
...................................................
ഫോൺ നമ്പർ : ...................................................




# മനസ്സുകൾ മറന്നുപോകുന്ന മരതകഭൂമി



**ആരഭി ഗോപകുമാർ**
എം.എസ്‌സി മാത്തമാറ്റിക്സ്
പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റി

യൂണിവേഴ്സിറ്റിയുടെ അങ്കണത്തിൽ നിൽക്കുന്ന ഗുൽമോഹർവൃക്ഷങ്ങൾ പടിഞ്ഞാറുനിന്നുള്ള കാറ്റിൽ ആടിയുലഞ്ഞുകൊണ്ടിരുന്നു. ചെഞ്ചോരയുടെ നിറമുള്ള പൂക്കൾ ആ കാറ്റിൽ ഒറ്റയ്ക്കും കൂട്ടമായും അടർന്നുവീഴുന്നതു കാണാമായിരുന്നു. പഴുത്തു പാകമായ പൂക്കളാണ് ആദ്യമാദ്യം വീഴുന്നത്. ഒരെണ്ണം വീഴാൻ കാത്തിരിക്കുന്നതുപോലെ പിന്നാലെ വീഴുന്ന നൂറു നൂറു പൂക്കൾ താഴെ ചുവപ്പിന്റെ സാമ്രാജ്യം തീർത്തുകൊണ്ടിരുന്നു.





ഈ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന കുട്ടികളും ഗുൽമോഹർ പൂക്കളെപ്പോലെതന്നെയാണ്. പടിഞ്ഞാറിന്റെ ക്ഷണം അവർക്കു പ്രിയമാണ്. ജിയോളജിയിലെ സൂസനും നിമിഷയും ഐ.ഇ.എൽ.റ്റി.എസിന്റെ ഫലം കാത്തിരിക്കുന്നു. ബി വോക് കഴിയാൻ നോക്കിയിരിക്കുന്നു എബിനും അരവിന്ദും. എല്ലാവർക്കും പറക്കണം. അത് യൂറോപ്പിൽത്തന്നെ വേണമെന്നൊന്നുമില്ല. കാനഡ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എങ്ങോട്ടെങ്കിലും പോണം. ഇവിടം ശരിയാകില്ല, ആർക്കും.

പണ്ടൊക്കെ ബി എസ്‌സി നഴ്സിങ് കഴിഞ്ഞ ചേച്ചിമാരെല്ലാം ഇറ്റലിക്കും അയർലൻഡിനും ജർമനിക്കുമൊക്കെ പോകുന്നതു കണ്ടിരുന്നു. ലോകം മുഴുവനുമുള്ള നഴ്സുമാർ മലയാളികളായിരിക്കുമല്ലോ എന്നോർത്തിട്ടുണ്ട്. ഇതിപ്പോൾ എല്ലാവരും ഏതെങ്കിലും ഒരു കോഴ്സ് പഠിക്കാൻ പോകുന്നു, ഭൂരിപക്ഷവും അവിടെ പൗരത്വം നേടുന്നു. അവരുടെ മാതാപിതാക്കളടക്കം കേരളം വിട്ടുപോകുന്നു. കഴിവും മിടുക്കുമുള്ളവർ കുറയുന്ന നാടായി മാറുകയാണ് കേരളം.

ഇന്ത്യയുടെ പ്രശ്നങ്ങൾ പരിശോധിച്ചാൽ ഞങ്ങളെപ്പോലുള്ള യുവജനങ്ങൾക്ക് ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു കാര്യം റിസർവേഷനാണ്. ഏതു സർക്കാർ, പൊതുമേഖലാ സ്ഥാപനത്തിലും അമ്പതു ശതമാനം ജോലി സംവരണം ചെയ്തിരിക്കുകയാണ്. വിദ്യാഭ്യാസത്തിനു സഹായവും റിസർവേഷനും നൽകുന്നതു മനസ്സിലാക്കാം. പക്ഷേ, ഒരേ ക്ലാസ്സിലിരുന്ന് ഒരേ അധ്യാപകർ പഠിപ്പിക്കുന്നതു പഠിച്ച് ഒരേ പരീക്ഷ പാസ്സായവർക്ക് ഏതടിസ്ഥാനത്തിലാണു ജോലിക്കു സംവരണം നൽകുന്നതെന്ന് ഞങ്ങൾക്കറിയില്ല. വിചിത്രമാണ് ആ വാദം.

ഇന്ത്യ വിട്ടുപോകാൻ യുവജനങ്ങളെ പ്രേരിപ്പിക്കുന്ന മറ്റൊരു കാര്യം അഴിമതിയാണ്. എന്തു കാര്യം സാധിച്ചെടുക്കണമെങ്കിലും പവർ, പൊളിറ്റിക്സ്, പണം ഇതേതെങ്കിലുമോ പലതുമോ കൂടിയേതീരൂ. ഗാന്ധിജിയുടെ നാട്ടിൽ പല 'ഗാന്ധി'മാരെ കൈമടക്കായി കൊടുത്താലേ കാര്യങ്ങൾ സാധിക്കൂ എന്നത് മനംമടുപ്പിക്കുന്നു.

കേരളത്തിൽ വ്യവസായങ്ങൾ പുതിയതു തുടങ്ങുന്നില്ല എന്നതു മാത്രമല്ല, ഉള്ള പലതും പൂട്ടുകയുമാണ്. എഞ്ചിനീയർമാർക്കും മറ്റും നല്ല ജോലി കിട്ടണമെങ്കിൽ കേരളം വിടണം എന്ന രീതിയിലേക്കു കാര്യങ്ങൾ മാറിയിരിക്കുന്നു. എന്നാൽ, പിന്നെ, നല്ല വരുമാനം ലഭിക്കുന്ന വിദേശരാജ്യങ്ങളല്ലേ നല്ലത്?

സ്വന്തം താത്പര്യങ്ങൾക്കു മുൻതൂക്കം നൽകുന്ന രാഷ്ട്രീയക്കാരെയും, ജനങ്ങൾക്കുവേണ്ടിയല്ലാതെ രാജ്യം ഭരിക്കുന്ന ഭരണാധികാരികളെയും, പറയുന്നതൊന്ന് പ്രവർത്തിക്കുന്നതു മറ്റൊന്ന് എന്നു പഠിപ്പിക്കുന്ന നേതാക്കളെയും ഞങ്ങൾ വെറുക്കുന്നു. ഇതൊന്നും അനുഭവിക്കാതെ ഇവിടുന്ന് രക്ഷപ്പെടാമെങ്കിൽ അത്രയും നല്ലത്.

നമ്മുടെ നാട്ടിലെ ജനങ്ങളുടെ പല രീതികളും ഇപ്പോഴും പ്രാകൃതമാണ്. മറ്റുള്ളവരുടെ ജീവിതത്തിലേക്കു തിരിച്ചു വച്ചിരിക്കുന്ന ഭൂതക്കണ്ണാടികളുമായാണ് പലരും അയൽപക്കങ്ങളിൽ ജീവിക്കുന്നത് എന്നു തോന്നിയിട്ടുണ്ട്. സ്വന്തം കാര്യം സമൂഹത്തെ ഭയക്കാതെ ചെയ്യാനുള്ള സ്വാതന്ത്ര്യം ഞങ്ങൾ ആഗ്രഹിക്കുന്നു.

ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം വരുമാനമാണ്. ഒരു ഡോളറിന് ഇന്നത്തെ വില 83 രൂപയ്ക്കടുത്താണ്. സാമ്പത്തികസുരക്ഷിതത്വം നേടണമെങ്കിൽ ഭൂരിപക്ഷത്തിനും വിദേശ കറൻസികളെ ആശ്രയിക്കേണ്ടിവരും എന്നത് അദ്ഭുതമല്ല. നമ്മുടെ നാട്ടിൽ വരുമാനം രൂപയിലും ചെലവ് ഡോളറിലുമാണു കണക്കാക്കുന്നത് എന്നു തോന്നിയിട്ടുണ്ട്.

ഇങ്ങനെ, യുവാക്കൾ വിദേശങ്ങളിലേക്കു പോകുന്നതിലുള്ള ഗുരുതരമായ ഒരു പ്രശ്നം പ്രായമായ മാതാപിതാക്കൾ പലപ്പോഴും ഒറ്റപ്പെടും എന്നതാണ്. ചിലർ എല്ലാം ഉപേക്ഷിച്ചു മക്കളോടൊപ്പം കുടിയേറ്റത്തിനു തയ്യാറാകും. എന്നാൽ, സ്വന്തം വീടും കൃഷിസ്ഥലങ്ങളും ഉപേക്ഷിച്ച്, ബന്ധുക്കളെയും കൂട്ടുകാരെയും ഒക്കെ മറന്ന് രാജ്യം വിടാൻ താത്പര്യമില്ലാത്തവർ സ്വന്തം വീടുകളിൽ ഒറ്റപ്പെടുന്നുവെന്നത് വേദനയുണ്ടാക്കുന്ന കാര്യമാണ്.

ഈ രാജ്യത്ത് മാറ്റങ്ങൾ വരാത്തിടത്തോളംകാലം യുവാക്കളുടെ ഒഴുക്കു തുടരും; വിദേശരാജ്യങ്ങൾ അവരുടെ വാതിലുകൾ കൊട്ടിയടയ്ക്കും വരെ. ■






**കാവ്യ ഭാസ്കർ**
സെന്റ് ജോസഫ്സ് കോളജ് ഓഫ് റ്റീച്ചർ എജ്യുക്കേഷൻ ഫോർ വിമൻ, എറണാകുളം

കുഞ്ഞിമാളു
മീൻ പിടിക്കാൻ പോയി.
പോയ വഴിയേ
കുറേ ആളോളെ കണ്ടു.
അവര് വന്ന് മിണ്ടി
കുശലം ചോദിച്ച്
കളി പറഞ്ഞ്
കഥ പറഞ്ഞ്.
കുറേപേര് ചിരിച്ച്
അവളും ചിരിച്ച്.
കുട്ടനിറേ മീനായിട്ട്
ഓള് തിരിച്ചുപോന്ന്...
മനുഷ്യര് എത്ര നല്ലോരാ!
പൊരിച്ച മീൻകൂട്ടി
ചോറുണ്ട്
ഓള് സുഖായിട്ട് ഉറങ്ങി.
പിറ്റേന്നെന്തോ,
ആളോളെ കാണാണ്ടായി.
മിണ്ടാണ്ടായി.
ആരാണ്ടൊക്കെ
തോക്ക് ചൂണ്ടണ്.
പുതിയ കഥയെഴുതണ്.
എഴുതാപ്പുറം വായിക്കണ്,
എന്തൊക്കെയോ
പറയണ്!
ഇവിടെപ്പോ,
ന്താ ... ണ്ടായേ?
മന്ഷ്യർക്കേ.....,
രണ്ട് മുഖോണ്ട്ന്ന്!
ഓര് ചിരിച്ചിട്ട്
തല കൊയ്യൂന്ന്!
ഒരു നേരം
പൊരിച്ച മീൻ കൂട്ടി
ചോറുണ്ണാൻ കൊതിച്ച
കുഞ്ഞിമാളുവുണ്ടോ
ഇതെല്ലാമറിയണ്?

## എന്റെ വര





**യാന സി. ബി.**
ക്ലാസ് VI
ഗരിമ വിദ്യാവിഹാർ സ്കൂൾ
ഇൻഡോർ



DEEPANALAM WINNERS SPACE gk


## കഴിഞ്ഞലക്കം ക്വിസ് (പ്രതിഭ 2024 ഫെബ്രുവരി)

### ശരിയുത്തരങ്ങൾ

1. മുംബൈ. 22 കി.മീ.
2. കേരളം. 'സി സ്പേസ്'
3. 1. പാരാഗ്ലൈഡിങ് – ഇടുക്കിയിലെ വാഗമൺ
   2. സർഫിങ് – തിരുവനന്തപുരം വർക്കലയിൽ
   3. മൗണ്ടൻ സൈക്ലിങ് – വയനാട്ടിലെ മാനന്തവാടിയിൽ
   4. മലബാർ റിവർ ഫെസ്റ്റിവൽ – കയാക്കിങ് ചാമ്പ്യൻഷിപ്പ് കോഴിക്കോട്ടെ കോടഞ്ചേരിയിൽ
4. കുമാരനാശാൻ. 1873 ഏപ്രിൽ 12 – 1924 ജനുവരി 16
5. കുമാരനാശാൻ
   നളിനി, നായകനായ ദിവാകരൻ
6. മൊറാർജി ദേശായി, പത്ത്
7. 1966. ലാൽ ബഹദൂർ ശാസ്ത്രി
8. 1875 ജനുവരി 15
9. 1. വികസിതഭാരതം
   2. ഇന്ത്യ – ജനാധിപത്യത്തിന്റെ മാതാവ്
   ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോ
10. മൂന്നാം സ്ഥാനത്ത്. രണ്ടാം സ്ഥാനത്ത്

■ ശരിയുത്തരം ആരും അയച്ചിട്ടില്ല.

# സ്ത്രീക്കു ചവിട്ടിക്കയറാൻ ഇനിയും പടികളേറെ





**ശരണ്യ ബാബു**
ബി.എ. ഇംഗ്ലീഷ്
ഏറ്റുമാനൂരപ്പൻ കോളജ്

**അ**ടിച്ചമർത്തലിന്റെയും വിവേചനത്തിന്റെയും കനൽ പാതയിലൂടെയാണ് സ്ത്രീകളുടെ വിമോചനചരിത്രം ആരംഭിക്കുന്നത്. ആത്മാർഥതയും കഴിവും പ്രകടിപ്പിക്കുമ്പോഴും വീടിനകത്തും പുറത്തും സ്ത്രീകളുടെ കഴിവുകൾ അംഗീകരിക്കപ്പെടാതെ പോകുന്നു. അങ്ങനെ സമൂഹത്തിൽ കരിന്തിരികളായി മാറേണ്ടിവന്ന അനേകം സ്ത്രീജീവിതങ്ങൾ നാം അറിഞ്ഞും അറിയാതെയും കടന്നുപോയിരിക്കുന്നു.

വിദ്യാഭ്യാസവും സാമൂഹിക നീതിയും അവർക്ക് അകലെയായിരുന്നു. കാലത്തിനൊത്ത മാറ്റങ്ങൾ പൂർണമായി കൈവരിക്കാൻ സ്ത്രീകൾക്ക് ഇനിയും സാധിച്ചിട്ടില്ല. മദർ തെരേസ, ഇന്ദിരാഗാന്ധി എന്നിങ്ങനെ നീളുന്ന ചരിത്രവനിതകളുടെ കൈയൊപ്പിട്ട വഴികളിലൂടെയാണ് നാം ഇന്നു സഞ്ചരിക്കുന്നത്. ആഗോളതലത്തിൽ സ്ത്രീപ്രാതിനിധ്യം വർധിച്ചിട്ടുണ്ട് എന്നതു ശരിതന്നെ. എങ്കിലും, പൂർണമായ നീതി ഇന്നും കാണാമറയത്താണ്. സൂര്യനുദിക്കുന്നതിനു മുമ്പ് ഉണരാനും എല്ലാവരും ഉറങ്ങിയശേഷം വൈകിയുറങ്ങാനും വിധിക്കപ്പെട്ടവളാണ് സ്ത്രീ എന്ന കാഴ്ചപ്പാടിന് ഇന്നും പൂർണമായ മാറ്റം കാണാൻ സാധിക്കുന്നില്ല.

രാഷ്ട്രീയവും സാമൂഹികവുമായ മേഖലകളിൽ ഇന്നു സ്ത്രീകൾക്കു പ്രാതിനിധ്യം ഉണ്ട്. എന്നാൽ, വിദ്യാഭ്യാസവും ലോകത്തിന്റെ പുത്തനാശയങ്ങളും നിഷേധിക്കപ്പെട്ട അനേകം സ്ത്രീജീവിതങ്ങൾ ഇന്നും ഈ സമൂഹത്തിലുണ്ട്.



അമ്മ, ഭാര്യ, മകൾ ഇങ്ങനെ നീളുന്നു ഒരു സ്ത്രീയുടെ ജീവിതം. ബാല്യത്തിൽത്തന്നെ കുടുംബിനികളായി മാറേണ്ടിവരുന്നവർ ഇന്നുമുണ്ട്. നിറമാർന്ന ജീവിതത്തിന്റെ മങ്ങലുകൾ ആരംഭിക്കുന്നത് അവിടെനിന്നാണ്. പിന്നീടങ്ങോട്ടു നേരിടേണ്ടിവരുന്ന പ്രതിസന്ധികളുടെ എണ്ണം ഊഹിക്കാവുന്നതേയുള്ളൂ.

അടിമത്തത്തിന്റെ, വിവേചനങ്ങളുടെ സാമൂഹികസാഹചര്യങ്ങളെ മാറ്റിനിർത്തി സ്ത്രീയുടെ ഉന്നമനത്തിനുവേണ്ടി ഇനിയും മുന്നിട്ടിറങ്ങേണ്ടതുണ്ട്. പുരുഷന്മാരോടൊപ്പം സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉയർച്ച, സ്ത്രീയുടെ വളർച്ചയുടെ പ്രധാന ഘടകമാണ്. എല്ലാ മതിലുകളെയും വിവേചനങ്ങളെയും നേരിടാനുള്ള ഒരേയൊരായുധം വിദ്യാഭ്യാസമാണ്. അങ്ങനെ, ചരിത്രത്തിലെ നിരവധിയായ മാറ്റങ്ങളുടെ കാവലാളാകാൻ ഓരോ സ്ത്രീക്കും കരുത്തും അറിവും പകരുന്ന നാളുകൾക്കായി നമുക്കു പ്രത്യാശിക്കാം. ▮




# അമ്മ



**ആൻമേരി സാജോ**
ക്ലാസ് IX
എസ്.എച്ച്.ഇ. എം.
എച്ച്.എസ്.എസ്.
മൂലമറ്റം

അമ്മയെന്നുള്ളൊരു രണ്ടക്ഷരം
ജീവിതയാത്രയിൽ പുഞ്ചിരിതൂകുന്ന
നിത്യവസന്തപൂക്കാലം
പത്തുമാസം ചുമന്നിടുന്ന വേദന
ഹൃത്തിൽ ഒളിപ്പിക്കും അമ്മ
ജീവിതവീഥിയിൽ വെയിലേറ്റുവാടവേ
സാന്ത്വനത്തണലെന്റെ അമ്മ
ആദ്യം മൊഴിഞ്ഞ വാക്കു ഞാ-
നമ്മയെന്ന രക്ഷക്ഷരം
പിച്ചവച്ചു നടന്നൊരു കാലംമുതൽ
ഇന്നുമെന്റെ കൈ പിടിച്ചു
നടക്കുമെന്നമ്മ
നന്മയുടെ പാഠങ്ങൾ
ചൊല്ലിപ്പഠിപ്പിച്ച
ഗുരുനാഥയാണെന്റെ അമ്മ
സഹനത്തിൻ ചൂളയിൽ
എരിഞ്ഞിടുമ്പോൾപോലും
പുഞ്ചിരിപൊഴിക്കുമെന്നമ്മ
അമ്മയാണു സത്യം
അമ്മയാണു സ്നേഹം
അമ്മയ്ക്കുപകരമാകില്ലേതുമൊന്നും

# പുഴ കരയുന്നു






**അഗ്രിമ ജയേഷ്**
ക്ലാസ് VIII
എം.എം.എച്ച്.എസ്.
നരിയൻപാറ

**ക**ങ്കിരുനാട്ടിലെ ഒരു നദിയാണ് വാസന. എല്ലാവരും ആ നദിയെ ആശ്രയിച്ചാണു ജീവിക്കുന്നത്. സന്തോഷവതിയായ വാസനനദി വലിയ വേനലിൽപ്പോലും വറ്റാറില്ലായിരുന്നു. എന്നും പുതിയ കാഴ്ചകളും കൂട്ടുകാരും. ഓരോ സ്ഥലത്തും ചെന്ന് ജനങ്ങൾക്കാവശ്യമായ വെള്ളം നൽകുന്നതുകൊണ്ട് ആരും നദിയിൽ ചപ്പുചവറുകൾ എറിയാറില്ല. അങ്ങനെ യാത്ര തുടർന്നുകൊണ്ടിരുന്നു.

കാലം കടന്നുപോയി. വീടുകളിൽ പൈപ്പുകളിലൂടെ വെള്ളം ലഭിച്ചുതുടങ്ങി. അതോടെ നദിയുടെ ആവശ്യകതയും കുറഞ്ഞുതുടങ്ങി. നദിയില്ലാതെ ജീവിക്കാൻ പറ്റില്ലെന്നു പറഞ്ഞിരുന്നവർ ഇന്നു നദിയെ തിരിഞ്ഞുനോക്കുന്നില്ല. എന്നു മാത്രമല്ല, ആ നാവുകൊണ്ടുതന്നെ കാർക്കിച്ചു തുപ്പുകയുമാണ്. ജനങ്ങൾക്കു നദി ഒരു അധികപ്പറ്റായി. നദിയെ സംരക്ഷിക്കാൻ ആരുമില്ലാത്ത അവസ്ഥ. നദി ജനങ്ങളോട് ചപ്പുചവറുകൾ തന്റെ ദേഹത്തു വലിച്ചെറിയരുതെന്നു കാലുപിടിച്ചപേക്ഷിച്ചു. ആരു വകവയ്ക്കാൻ?



അങ്ങനെയിരിക്കേ, ഒരു അപ്പൂപ്പൻ അവിടെ വന്നു. നദി അപ്പൂപ്പനോടു സങ്കടം പറഞ്ഞു: "ഈ ചപ്പുചവറുകൾ ആളുകളുടെ ദേഹത്തിട്ടാൽ അവർ സഹിക്കുമോ? അവർ അതിനെ ശക്തമായി എതിർക്കില്ലേ? അതുപോലെ തന്നെയാ ഞാനും. എന്നെപ്പോലെ ഒരുപാട് നദികളുടെ ജീവനൊടുങ്ങുകയാണ്. ഞാനും ഇതുപോലെ നശിക്കും. നദി പൊട്ടിക്കരയാൻ തുടങ്ങി. അപ്പൂപ്പൻ അവളെ സമാധാനിപ്പിച്ച് അവിടന്നു പോയി.

അതുവഴി നടന്നുപോകുന്നതിനിടെ ഒരു പെൺകുട്ടി നദിയുടെ കരച്ചിൽ കേട്ട് അങ്ങോട്ടേക്കു ചെന്നു. നദി ആ പെൺകുട്ടിയോടു പറഞ്ഞു: "ദൈവത്തെയോർത്ത് നീ ഇവിടെ ചപ്പുചവറുകൾ നിക്ഷേപിക്കരുത്". അവൾ പറഞ്ഞു. ''നിന്റെ വിഷമം എനിക്കു മനസ്സിലായി. ഞാൻ സഹായിക്കാം. നിങ്ങൾ കരയാതിരിക്കൂ ഞാനിപ്പോൾ വരാം" എന്നു പറഞ്ഞ് ഒരു ചാക്കുമായി പെൺകുട്ടി നദിയിലെ ചപ്പുചവറുകൾ പെറുക്കാൻ തുടങ്ങി. ഇതു കണ്ട് നദിക്കു സന്തോഷമായി. കുറച്ചു കഴിഞ്ഞ് നദിക്കു ചുറ്റും ഒരു ആൾക്കൂട്ടം. കുട്ടി ചപ്പുചവറുകൾ പെറുക്കുന്നതു മുതിർന്നവർ നോക്കിനിൽക്കുന്നു. ഒരാൾ ചോദിച്ചു: "നീ എന്തിനാണു കുട്ടീ, ഈ നദിയിലെ ചപ്പുചവറുകൾ പെറുക്കുന്നത്? നിനക്കു വേറേ പണിയില്ലേ?" കുട്ടി പറഞ്ഞു: "ഒരു കാലത്ത് ഈ നാട്ടിലുള്ളവർക്കു വെള്ളം നൽകിയിരുന്ന നദിയാണ്. മക്കളെ നല്ല രീതിയിൽ വളർത്തി സ്വന്തം കാലിൽ നിൽക്കാൻ പഠിച്ചുകഴിഞ്ഞാൽ അവർ അച്ഛനെയും അമ്മയെയും എങ്ങോട്ടെങ്കിലും കൊണ്ടുപോയി കളയുകയാണോ ചെയ്യുന്നത്? ഒന്ന് ഓർത്തുനോക്കൂ." എല്ലാവരും പരസ്പരം നോക്കിനിന്നു. കുട്ടി പറഞ്ഞതിൽ കാര്യമുണ്ടെന്നു മനസ്സിലായപ്പോൾ എല്ലാവരും നദിയിലെ ചപ്പുചവറുകൾ എടുത്തുകളയുകയും വൃത്തിയാക്കുകയും ചെയ്തു. അങ്ങനെ നദി പിന്നെയും അവിടുത്തെ സ്റ്റാർ ആയി മാറി. ▮



# മുളയിലേ അറിയാം മുളക്കരുത്ത്



അഷ്നാ ബീഗം
സൈലം ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ഒരിക്കൽ ഗ്രീസിലെ ഒരു ഗ്രാമച്ചന്തയിൽ ഒരു കുട്ടി വിറകു വിൽക്കാൻ വന്നു. സാധനങ്ങൾ വാങ്ങാൻ വന്ന ഒരു മനുഷ്യൻ ഈ വിറകുകെട്ടുകളെ സൂക്ഷിച്ചുനോക്കി. വളരെ മനോഹരമായി വിറകുകെട്ടിയിരിക്കുന്നതു കണ്ട് അയാൾ അദ്ഭുതത്തോടെ അവനെപ്പറ്റി തിരക്കി.

കാട്ടിൽനിന്ന് വിറകുശേഖരിച്ചു വിറ്റാണ് താനും അമ്മയും ജീവിക്കുന്നതെന്ന് കുട്ടി പറഞ്ഞു. ഈ വിറകുകെട്ട് ഇങ്ങനെ കെട്ടിയത് ആരാണെന്നും അദ്ദേഹം അവനോടു ചോദിച്ചു. കുട്ടി പറഞ്ഞു: "ഞാൻതന്നെയാണു കെട്ടിയത്.'' അയാൾ വീണ്ടും ചോദിച്ചു: 'ഇത് അഴിച്ച് വീണ്ടും ഇതുപോലെ കെട്ടാമോ?" കുട്ടി അങ്ങനെ ചെയ്തു.

വളരെ ശ്രദ്ധയോടെ ഭംഗിയായി അവൻ തന്റെ ജോലി ചെയ്യുന്നതുകണ്ട് അയാൾ കുട്ടിയോടു ചോദിച്ചു: "നീ എന്റെകൂടെ പോരുമോ? ഞാൻ നിന്നെ പഠിപ്പിച്ചുകൊള്ളാം." കുട്ടി അതിശയിച്ച് സമ്മതം മൂളി.

അദ്ദേഹം ആ കുട്ടിയെ തന്റെ വീട്ടിൽ കൊണ്ടുപോയി നല്ല വിദ്യാഭ്യാസം നൽകി വളർത്തി. അവനാണ് ഗ്രീക്കുതത്ത്വചിന്തകനായ പൈതഗോറസ്. ആ കുട്ടിയിലെ മഹത്ത്വം തിരിച്ചറിഞ്ഞ് അവനെ കൊണ്ടുപോയി വളർത്തിയത് വിശ്വഗുരു ഡെമോക്രൈറ്റിസ് ആയിരുന്നു.

ഒരു വ്യക്തിയുടെ മഹത്ത്വം അവന്റെ കുട്ടിക്കാലംമുതലേ ഒരോ പ്രവൃത്തിയിലും വെളിപ്പെട്ടുകൊണ്ടിരിക്കും. 'മുളയിലെ അറിയാം മുളക്കരുത്ത്' എന്ന ചൊല്ല് ഏവർക്കും പരിചിതമാണല്ലോ. ഒരു ചെടി മുളയ്ക്കുമ്പോഴുള്ള പുഷ്ടി കണ്ടാലറിയാം, അതു വലുതാവുമ്പോൾ എങ്ങനെയായിത്തീരുമെന്ന്. ശക്തിയുള്ള മുളയാണെങ്കിൽ അത് വലുതാകുമ്പോഴും ശക്തമായിരിക്കുമെന്ന് അർഥം. ▮



# ചോറ്



അപർണ രാജ്
ക്ലാസ് X
ജി.എച്ച്.എസ്.എസ്.
പാളയംകുന്ന്
വർക്കല

കവിത

പണ്ടെന്റെ നാവിൽ തേച്ചുതന്നത്...
പിന്നീടങ്ങനെയോടിച്ചിട്ടൂട്ടിയത്...
പോകെപ്പോകെ പൊതിയഴിച്ചുണ്ടത്...
വൈകാതെ വേർപ്പൊഴുക്കി ഉണ്ടാക്കിയത്...

പിന്നെ പിന്നാലേയോടി ഊട്ടിച്ചത്...
ഊട്ടിയ കയ്യിൽ കൊത്തുകൊണ്ട്
ഭാരമായ്ക്കിടന്ന് ഞാനുണ്ടത്...
ഒടുവിൽ ഇലയിൽ ഉരുട്ടി വച്ചപ്പോ
ഞാൻ ഉണ്ടതേയില്ല...





എന്റെ വര

ഗൗതം
കൃഷ്ണ എം.
ക്ലാസ് VII
ലൂർദ് പബ്ലിക് സ്കൂൾ
&
ജൂനിയർ കോളജ്
കോട്ടയം

# മാനം കറുത്തപ്പോൾ



അഭിനന്ദ് മനോജ്
ബി.ടെക്
ഒന്നാം വർഷം
കുസാറ്റ്

കഥ

അടച്ചിട്ടിരുന്ന ജനാല അയാൾ പതുക്കെത്തുറന്നു. വേനൽമഴ പെയ്തുതോർന്നിരുന്നു.

ജനാലയ്ക്കപ്പുറം കാത്തുനിന്ന തണുത്ത കാറ്റ് തിടുക്കത്തിൽ അകത്തേക്കു കയറി.

തൊടിയിലെ ഇലകൊഴിഞ്ഞ കുറെ മരങ്ങളും അതിനുമപ്പുറം പാറക്കൂട്ടങ്ങളും പുതുമഴയിൽ കുളിച്ചുനിന്നു.

ഇലകളിൽ ഇറ്റുനിന്ന മഴത്തുള്ളികൾ ആരോടും അനുവാദം ചോദിക്കാതെ താഴോട്ടുപതിച്ചു.

നിശ്ശബ്ദമായി അതു താഴെവീണ് ചിതറിത്തെറിച്ചു.

അപ്പോഴേക്കും അടുത്ത മഴത്തുള്ളി തന്റെ ഊഴവും കാത്ത് ഇലയെ പിരിയാൻ വയ്യാതെ വേദനയോടെ തൂങ്ങിനിന്നു.

നിമിഷങ്ങൾക്കുള്ളിൽ അതും താഴെവീണു ചിതറും.

ഓർക്കാത്ത നേരത്ത് അതും സംഭവിക്കും. ജീവിതത്തിലെന്നപോലെ ....

അതുതന്നെയാണ് അയാൾക്കും സംഭവിച്ചത്.

ആരോഗ്യമുണ്ടായിരുന്നപ്പോൾ കഴുതയെപ്പോലെ ജീവിതഭാരം ചുമന്നു.

സ്വന്തം ഇഷ്ടങ്ങളൊക്കെയും പ്രിയപ്പെട്ടവർക്കായി മാറ്റിവെച്ചു.

പ്രതീക്ഷ മുഴുവൻ മകനിൽ അർപ്പിച്ചു.

ഭാര്യ യാത്രയായപ്പോൾ 'ഞാൻ ഒറ്റയ്ക്കല്ല എന്റെ മകനുണ്ട് എന്റെ കൂടെ' എന്ന് ശക്തി സംഭരിച്ചു.

പല പല ഇഷ്ടങ്ങളും അവനുവേണ്ടി മാറ്റിവച്ചു.

ഓഫീസ്, വീട് എന്ന നിലയിൽ ജീവിതത്തിൽ ഒരു ടൈംടേബിൾ വന്നു.

വാടകവീട്ടിൽനിന്നു സ്വന്തമായൊരു വീടുണ്ടാക്കി.

വീണ്ടും പിന്നെയും ഓട്ടമായിരുന്നു.

"ചായ എടുത്തുവച്ചിട്ടുണ്ട്."

അശരീരിപോലെ മരുമകളുടെ സ്വരം. അയാൾ മേശപ്പുറത്തിരിക്കുന്ന ചായയിൽ നോക്കി. അതിൽനിന്ന് ആവി ഉയരുന്നതുപോലെ അയാൾക്കു തോന്നി.

അയാൾ ഭാര്യയെ ഓർത്തു. ആവി പൊന്തുന്ന ചായയാണ് എനിക്കു വേണ്ടതെന്ന് അവൾ പറഞ്ഞുകൊടുത്തിരുന്നോ?

അതോ മകൻ പറഞ്ഞുകൊടുത്തോ?

എനിക്കുവേണ്ടി....!?

അവൻ എന്റെ മോനല്ലേ...

എന്റെ പ്രതീക്ഷയ്ക്കനുസരിച്ച് ഞാൻ വളർത്തിയ മോൻ!

ചായ ചുണ്ടോടു ചേർത്ത് അയാൾ മരുമകളോടായി പതുക്കെപ്പറഞ്ഞു:

''ചായയ്ക്കു ചൂടില്ലല്ലോ മോളേ."

"ഞാൻ വന്നപ്പോൾ അച്ഛൻ ഉറക്കമായിരുന്നു.


അതാ വിളിക്കാതിരുന്നത്."

ചൂടാക്കിത്തരുമെന്നാ ഓർത്തത്.

പക്ഷേ...?

ചായ അവിടെത്തന്നെയിരുന്നു പിന്നെയും തണുത്തു.

ബെഡ്ഷീറ്റിന്റെ നനവ് ഒരുദിവസം അയാളെ ഉറക്കത്തിൽനിന്ന് എഴുന്നേല്പിച്ചു.



മേശപ്പുറത്തേക്കു നോക്കിയപ്പോൾ ചായയില്ല.

ആവി പണ്ടേ പോയതാ...

മരുമോളുടെ ശബ്ദം അല്പം ഉച്ചത്തിൽത്തന്നെ കേട്ടു.

"എനിക്കിനി വയ്യ. ഇപ്പോ മൂത്രം തുടയ്ക്കണം. ഇനി നാളെ..."

വയ്യ കേൾക്കാൻ....

പ്രതീക്ഷയായ മകനിൽനിന്നു നിശ്ശബ്ദനായ മകനിലേക്ക് അവൻ വളർന്നുകഴിഞ്ഞിരുന്നു.

പിന്നെ കുറച്ചു ദിവസങ്ങളായി രഹസ്യചർച്ചകൾ. പതിയെ ഊന്നുവടിയിൽ നടക്കുമ്പോൾ അകത്തെ മുറിയിൽനിന്ന് ചില പിറുപിറുക്കലുകൾ...

ഒരുദിവസം മകൻ മുറിയിലേക്കു കയറിവന്നു. അവൻ തലകുനിച്ചു നിൽക്കുന്നതുകണ്ട് അയാൾ പറഞ്ഞു: 'അച്ഛൻ പ്രതീക്ഷിച്ചിരുന്നു മോനേ. ഞാൻ റെഡിയാണ്."

അടുത്തിരുന്ന ബാഗ് ഞാൻ എടുക്കാൻ വെറുതെ ഒരു ശ്രമം നടത്തി.

മനസ്സിലാക്കിയിട്ടെന്നോണം അവനത് എടുത്തു.

എന്റെ പ്രതീക്ഷയായ മകൻ.....

അവന്റെ കണ്ണുകളിൽ ഒരു നേർത്ത നനവിനുവേണ്ടി ഞാൻ വെറുതെ ഒന്നു പരതി.

നിറഞ്ഞിട്ടുണ്ടാവണം. കാഴ്ചക്കുറവുള്ളതുകൊണ്ടും തന്റെ മിഴികളിൽ നനവൂറിയതുകൊണ്ടുമായിരിക്കാം തനിക്കു കാണാൻ കഴിയാത്തത്.

ടാക്സിക്കാർ പ്രതീക്ഷയെന്ന മകനെയും പ്രതീക്ഷയറ്റ എന്നെയും പേറി റോഡിന്റെ വളവുകൾ ഓരോന്നായി തിരിഞ്ഞ് ഒടുക്കം എത്തി.

അതേ, ഞാൻ പ്രതീക്ഷിച്ച അതേ സ്ഥലം.

നിറഞ്ഞ ചിരിയോടുള്ള സ്വീകരണം.

ഒരു താങ്ങായി അവനൊന്നു പിടിച്ചിരുന്നെങ്കിലെന്ന് വെറുതെ ആശിച്ചുപോയി.

തടിച്ച പുസ്തകത്തിൽ പേരും വിലാസവും എഴുതുമ്പോഴും മാനേജർ കണ്ണടയ്ക്കിടയിലൂടെ എന്നെ ഇടയ്ക്കിടെ നോക്കി.

മകൻ നോട്ടുകൾ എണ്ണിത്തുടങ്ങിയപ്പോൾ ഇരുന്ന കസേരയിൽനിന്ന് എഴുന്നേറ്റ് ജനാലയ്ക്കരികിലേക്കു നടന്നു.

മാനം വല്ലാതങ്ങു കറുത്തു.

മഴ പെയ്യുമായിരിക്കും. ▮